"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗം - വൊക്കേഷണൽ ഇൻസ്ട്രക്ടർമാരുടെ സ്ഥലംമാറ്റം - ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ **O.A 1625/2025** നമ്പർ കേസിലെ അന്തിമ ഉത്തരവ് - പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എൻ) വകുപ്പ്**

സ.ഉ.(സാധാ) നം.**3924/2026/GEDN**    തീയതി,തിരുവനന്തപുരം, **12-06-2026**

---

പരാമർശം:-

1. വി.എച്ച്.എസ്.ഇ ഡയറക്ടറുടെ **16.01.2010** തീയതിയിലെ **E5/23086/09(10)** നമ്പർ നടപടിക്രമം
2. വി.എച്ച്.എസ്.ഇ ഡയറക്ടറുടെ **04.07.2013** തീയതിയിലെ **E1/19625/2011** നമ്പർ നടപടിക്രമം
3. വി.എച്ച്.എസ്.ഇ ഡയറക്ടറുടെ **10.11.2017** തീയതിയിലെ **E5/118/2017/A&7(6)** നമ്പർ നടപടിക്രമം
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ **22.08.2022** തീയതിയിലെ **E7/2647/2022(1)** നമ്പർ നടപടിക്രമം
5. സ.ഉ. (കൈ) നം. **4/2024/P&ARD** തീയതി: **16.05.2024**
6. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ (വി.എച്ച്.എസ്.ഇ വിഭാഗം) **25.11.2024** തീയതിയിലെ വി.എച്ച്.എസ്.ഇ/**1625/2024**-ഈ7 നമ്പർ നടപടിക്രമം
7. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ (വി.എച്ച്.എസ്.ഇ വിഭാഗം) **30.08.2025** തീയതിയിലെ വി.എച്ച്.എസ്.ഇ/**947/2025**-ഈ7 നമ്പർ നടപടിക്രമം
8. **OA No. 1625/2025** നമ്പർ കേസിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ **07.10.2025** തീയതിയിലെ ഉത്തരവ്

**<u>ഉത്തരവ്</u>**

ഇടുക്കി ജില്ലയിലെ ദേവിയാർ കോളനി വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ വൊക്കേഷണൽ ഇൻസ്ട്രക്ടർ (അക്കൗണ്ടൻസി & ഓഡിറ്റിംഗ്) ഷിനുകുമാർ. എസ്-ന് **2025-2026** അദ്ധ്യയന വർഷത്തെ പൊതുസ്ഥലംമാറ്റത്തിന് അപേക്ഷിച്ചപ്പോൾ കൊല്ലം ജില്ലയിൽ സ്ഥലംമാറ്റം ലഭിക്കാത്തതിനെ തുടർന്ന് സർക്കാർ മുമ്പാകെ **25.09.2025** തീയതിയിൽ അപ്പീൽ സമർപ്പിക്കുകയും ഇതേ

ആവശ്യം ഉന്നയിച്ചു കൊണ്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ **OA 1625/2025** നമ്പർ കേസ് ഫയൽ ചെയ്യുകയുമുണ്ടായി. **OA No. 1625/2025** ന്മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ **07.10.2025** ന് ചുവടെ ചേർക്കുന്ന പ്രകാരം പരാമർശം (8) ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.

" ***Accordingly, the Original Application is disposed of with a direction to the 1st respondent to consider Annexure A9 appeal and pass early orders, at any rate, within a period of two months from the date of receipt of a copy of this orders, after hearing the applicant as well as any other person likely to be affected while considering his appeal".***

(2) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (8) ഉത്തരവനുസരിച്ച് അപ്പീൽ അപേക്ഷകനെ **28.03.2026**-ന് നേരിൽ കേൾക്കുകയുണ്ടായി. പ്രസ്തുത നേർക്കാഴ്ചയിൽ അപ്പീൽ അപേക്ഷകൻ ശ്രീ. ഷിനുകുമാർ. എസ്, ശ്രീമതി. ബിന്ദു. പി കെ, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ (വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗം) പ്രതിനിധി തുടങ്ങിയവർ പങ്കെടുത്തിരുന്നു. അപ്പീൽ അപേക്ഷകൻ ശ്രീ ഷിനുകുമാർ. എസ് ഉന്നയിച്ച വാദങ്ങൾ ചുവടെ ചേർക്കുന്നു.

(a) കൊല്ലം ജില്ലയിലെ ചവറയിൽ സ്ഥിരതാമസക്കാരനായ ഷിനുകുമാർ എസ്. എന്ന താൻ വി.എച്ച്.എസ്.ഇ -യിൽ വൊക്കേഷണൽ ഇൻസ്ട്രക്ടർ തസ്തികയിൽ സ്ഥിരം ജീവനക്കാരനാണ്. വലതുകാലിന് പോളിയോ ബാധിച്ച് 45% **(Locomotor Disability)** ഭിന്നശേഷിക്കാരനുമാണ്.

(b) തന്റെ വീട്ടിൽ നിന്ന് **200 KM** ൽ അധികം ബസ്സിൽ ദുർഘടമേഖലയിലൂടെ സഞ്ചരിച്ച് വേണം പ്രസ്തുത സ്കൂളിൽ എത്തിച്ചേരുവാൻ, തിരിച്ചും. ചലന/സഞ്ചാര സ്വാതന്ത്ര്യക്കുറവ് ഭിന്നശേഷിയുള്ള തനിക്ക് ഇത്രയും ദൂരം യാത്രചെയ്യുക എന്നത് ദുരിതപൂർണ്ണവും, വേദനാജനകവുമാണ്. ഇത്രയും ദൂരം യാത്രചെയ്യുന്നത് മൂലം തന്റെ രണ്ടു കാലിലും നീർക്കെട്ടുണ്ടായി അസഹ്യമായ വേദനയും അനുഭവിക്കുന്നു.

(c) ദുർഘടമേഖലയായ ഇടുക്കിയിൽ കയറ്റ, ഇറക്കങ്ങളും, പടികളും കയറി ഇറങ്ങുന്നത് തനിക്ക് കഴിയാത്ത അവസ്ഥയുമാണ്. മാത്രമല്ല ദുർഘടമേഖലയായ ഈ പ്രദേശം ഭിന്നശേഷി സൗഹൃദമല്ല. ഇടുക്കിയിലെ അസഹ്യമായ തണുപ്പ് മൂലം തന്റെ വലതുകാൽ കോച്ചിപ്പിടിച്ച് നടക്കുവാൻ പറ്റാത്ത അവസ്ഥയും ഉണ്ടാകാറുണ്ട്. ബസ്സിൽ കയറുവാനും ഇറങ്ങുവാനും നന്നേ കഷ്ടപ്പാടാണ്.

(d) **2025-26** ലെ പൊതുസ്ഥലം മാറ്റ അപേക്ഷ ക്ഷണിച്ചപ്പോൾ പത്തനംതിട്ട, ആലപ്പുഴ എന്നീ ജില്ലകളിൽ പ്രസ്തുത തസ്തികയിൽ ഓപ്പൺ വേക്കൻസി ആയിരുന്നു. പത്തനംതിട്ട ജില്ലയിലെ ഗവ. വി.എച്ച്.എസ്.എസ് കൈപ്പട്ടൂർ സ്കൂൾ ആണ് എന്റെ ആദ്യ ഓപ്ഷൻ. എന്നാൽ ഈ സ്കൂളിൽ സേവനം അനുഷ്ഠിച്ച് വരുന്ന ജീവനക്കാരി

കഴിഞ്ഞ '9' വർഷമായി തുടർച്ചയായി പത്തനംതിട്ട ജില്ലയിൽ മാത്രമാണ് ജോലി ചെയ്തു വരുന്നത്. മാത്രമല്ല ഭിന്നശേഷിക്കാരിയുമല്ല.

(e) തന്റെ മൂന്നാമത്തെ ഓപ്ഷനായ ഗവ.വി.എച്ച്.എസ്.എസ്, കൂടൽ, പത്തനംതിട്ടയിലേക്ക് സ്ഥലം മാറ്റം ലഭിച്ച ഷൈൻ ബോസിന് യാതൊരുതരത്തിലുള്ള മുൻഗണനയും ഇല്ലാത്ത വ്യക്തിയാണ്.

(f) മേൽ പറഞ്ഞിരിക്കുന്ന രണ്ട് സ്കൂളിലേക്കും സ്ഥലം മാറ്റം ലഭിച്ച രണ്ട് പേർക്കും ഭിന്നശേഷി (45%) ക്കാരനായ തന്നേക്കാൾ എന്ത് മുൻഗണനയാണ് ഉള്ളതെന്ന് തനിക്ക് അറിയാൻ സാധിച്ചില്ല. 45% ഭിന്നശേഷിക്കാരനായ തന്നെ കാസർഗോഡ്, ഇടുക്കി തുടങ്ങിയ വിദൂരസ്ഥലങ്ങളിലേക്കും ദുർഘട മേഖലകളിലേക്കും സ്ഥലം മാറ്റുന്നത് നിലവിലുള്ള ഉത്തരവുകൾക്കും നിയമങ്ങൾക്കും എതിരാണ് എന്ന് അങ്ങയുടെ സമക്ഷം ബോധ്യപ്പെടുത്തുന്നു.

(g) ഈ രണ്ട് പേരും ഇന്ന് വരെ കാസർഗോഡോ ഇടുക്കിയിലോ സേവനം അനുഷ്ഠിച്ചിട്ടില്ല. എന്നാൽ ഭിന്നശേഷിക്കാരനായ താൻ പ്രസ്തുത ജില്ലകളിലേക്ക് സ്ഥലം മാറ്റം ചെയ്ത് സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഇത് ഭിന്നശേഷിക്കാരനായ തന്നോടുള്ള വിവേചനമാണ് എന്ന് പറയാതെ വയ്യ.

(h) ഭിന്നശേഷി അവകാശ നിയമത്തിലെ (2016) വകുപ്പ് '20' പ്രകാരം തനിക്ക് നിയമപരമായി ലഭിക്കേണ്ട അവകാശങ്ങൾ പരിരക്ഷിച്ചു കിട്ടാതായ അവസ്ഥയും അങ്ങയെ സവിനയം അറിയിച്ചുകൊള്ളുന്നു.

(i) ഭരണ പരിഷ്കാര വകുപ്പ് (P&ARD) 16/5/2024 ൽ പുറത്തിറക്കിയ പരാമർശം (5) ഉത്തരവ് നടപ്പിലാക്കുന്നില്ല എന്ന ഒരു വിഷയം കൂടി അങ്ങയുടെ സമക്ഷം അറിയിക്കുന്നു. എന്ന് മാത്രമല്ല ഈ ഉത്തരവ് അനുസരിച്ച് സ്ഥലംമാറ്റ മാനദണ്ഡങ്ങൾ പരിഷ്കരിച്ചതായും കാണുന്നില്ല എന്നുള്ള വസ്തുത അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

(j) മേൽ സൂചിപ്പിച്ചിരിക്കുന്ന വസ്തുതകൾ പരിഗണിച്ചും, 2016 ലെ ഭിന്നശേഷി അവകാശ നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ അനുസരിച്ചും, ബഹു. കേരള സർക്കാരിന്റെ ഉത്തരവുകൾ അനുസരിച്ചും ഒരു ഭിന്നശേഷി ജീവനക്കാരനായ തനിക്ക് പരാമർശം (8) ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റം തരുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് സ്ഥലംമാറ്റം നൽകണമെന്ന് ബഹുമാനപൂർവ്വം അപേക്ഷിക്കുന്നു.

(3) പത്തനംതിട്ട ജില്ലയിലെ കൈപ്പട്ടൂർ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ വൊക്കേഷണൽ ഇൻസ്ട്രക്ടർ ശ്രീമതി ബിന്ദു. പി. കെ ഉന്നയിച്ച വാദങ്ങൾ ചുവടെ ചേർക്കുന്നു.

(a) തന്റെ ഹോം സ്റ്റേഷൻ പത്തനംതിട്ട ജില്ലയും അഡ്വൈസ് സീരിയൽ നം: 10 ഉം കൂടാതെ SC ലിസ്റ്റിലും ഉൾപ്പെട്ട വ്യക്തിയാണ് താൻ. VHSE ഡയറക്ടറുടെ പരാമർശം (1) നടപടിക്രമം പ്രകാരം GVHSS കൂടൽ, പത്തനംതിട്ട ജില്ലയിൽ തനിക്ക് നിയമനം ലഭിച്ചു.

(b) 2013 ലെ പൊതു സ്ഥലം മാറ്റത്തിൽ VHSE ഡയറക്ടറുടെ പരാമർശം (2) നടപടിക്രമം പ്രകാരം GVHSS കൂടൽ, പത്തനംതിട്ടയിൽ നിന്നും GVHSS പട്ടാഴി കൊല്ലം ജില്ലയിലേക്ക് സ്ഥലം മാറ്റം ലഭിച്ചു.

(c) 2017 ലെ പൊതു സ്ഥലം മാറ്റത്തിൽ VHSE ഡയറക്ടറുടെ പരാമർശം (3) നടപടിക്രമം പ്രകാരം GVHSS പട്ടാഴി, കൊല്ലം ജില്ലയിൽ നിന്നും GVHSS കൂടൽ പത്തനംതിട്ട ജില്ലയിലേക്ക് സ്ഥലംമാറ്റം ലഭിച്ചു. 2017 ൽ തന്റെ സമുദായത്തെ OBC യിൽ നിന്നും മാറ്റി SC യിൽ ഉൾപ്പെടുത്തി. Community Certificate ഇതോടൊപ്പം സമർപ്പിക്കുന്നു.

(d) 2022 ലെ പൊതുസ്ഥലം മാറ്റത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പരാമർശം (4) നടപടിക്രമം പ്രകാരം, ഹോം സ്റ്റേഷൻ മുൻഗണനയിൽ GVHSS കൂടൽ, പത്തനംതിട്ടയിൽ നിന്നും GVHSS കൈപ്പട്ടൂർ പത്തനംതിട്ടയിലേക്ക് സ്ഥലം മാറ്റം ലഭിച്ചു.

(e) 2024 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ (വി. എച്ച്. എസ്. ഇ വിഭാഗം) പരാമർശം (6) നടപടിക്രമം പ്രകാരം ഹോം സ്റ്റേഷൻ മുൻഗണനയിൽ സ്ഥലംമാറ്റ അപേക്ഷയിലെ ഒന്നാം ഓപ്ഷനായ GVHSS കൈപ്പട്ടൂർ പത്തനംതിട്ടയിൽ തന്നെ നിലനിർത്തി.

(f) 2025 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ (വി. എച്ച്. എസ്. ഇ വിഭാഗം) പരാമർശം (7) നടപടിക്രമം അനുസരിച്ച് ഹോം സ്റ്റേഷൻ മുൻഗണനയിൽ സ്ഥലംമാറ്റ അപേക്ഷയിലെ ഒന്നാം ഓപ്ഷനായ GVHSS കൈപ്പട്ടൂർ, പത്തനംതിട്ടയിൽ തന്നെ നിലനിർത്തി.

(g) തന്റെ പെൻഷൻ തീയതി 31/3/2028 ആണ്. പെൻഷനാകാൻ രണ്ടു വർഷം കൂടി മാത്രമേയുള്ളൂ. മേൽപ്പറഞ്ഞ ഗവൺമെന്റ് ഉത്തരവുകൾ പ്രകാരം മാത്രമാണ് താൻ തന്റെ ഹോംസ്റ്റേഷനായ പത്തനംതിട്ട ജില്ലയിൽ ജോലി ചെയ്തു വരുന്നത്.

(4) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ വാദങ്ങൾ ചുവടെ ചേർക്കുന്നു.

(a) ഹർജിക്കാരനായ ശ്രീ.ഷിനുകുമാർ.എസ്. നിലവിൽ ഇടുക്കി ജില്ലയിലെ Government Vocational Higher Secondary School, Deviyar Colony-യിൽ Vocational Instructor ആയി സേവനം അനുഷ്ഠിച്ചുകൊണ്ടിരിക്കുകയാണ്. ഹർജിക്കാരന്റെ

ഹോം സ്റ്റേഷൻ കൊല്ലം ജില്ലയാണ്.

(b) 2025-26 വർഷത്തെ പൊതുസ്ഥലംമാറ്റ നടപടികളിൽ ഹർജിക്കാരൻ ഓൺലൈൻ ട്രാൻസ്ഫർ പോർട്ടൽ വഴി അപേക്ഷ സമർപ്പിക്കുകയും, ആറ് സ്റ്റേഷനുകൾ ഓപ്ഷനുകളായി നൽകുകയും ചെയ്തിരുന്നു. നിലവിലുള്ള ട്രാൻസ്ഫർ മാനദണ്ഡങ്ങൾ പ്രകാരം അദ്ദേഹത്തിന് ആറാമത്തെ ഓപ്ഷനായ ഇടുക്കി ജില്ലയിലെ ജി.വി.എച്ച്.എസ്. ദേവിയാർ കോളനിയിലേക്കാണ് നിയമനം ലഭിച്ചിരിക്കുന്നത്.

(c) ഹർജിക്കാരന്റെ ആദ്യ ഓപ്ഷൻ പത്തനംതിട്ട ജില്ലയിലെ ജി.വി.എച്ച്.എസ്. കൈപ്പട്ടൂർ ആയിരുന്നു. അവിടെ ഇപ്പോൾ ശ്രീമതി ബിന്ദു.പി.കെ. എന്ന അധ്യാപിക സേവനം അനുഷ്ഠിച്ചുവരുന്നു. പത്തനംതിട്ട ജില്ല തന്നെയാണ് ശ്രീമതി ബിന്ദു.പി.കെ യുടെ ഹോം സ്റ്റേഷൻ.

(d) ട്രാൻസ്ഫർ അലോട്ട്മെന്റ്, PSC അഡ്വൈസ് സീനിയോരിറ്റിയും ഹോം സ്റ്റേഷൻ യോഗ്യതയും അടിസ്ഥാനമാക്കിയാണ് പൊതുസ്ഥലംമാറ്റം നിർണ്ണയിക്കുന്നത്. അതിനാൽ ഹോം സ്റ്റേഷൻ യോഗ്യതയുള്ള ഉദ്യോഗാർത്ഥിയെ മാറ്റി ഹർജിക്കാരനെ നിയമിക്കാൻ സാധ്യമല്ലാത്തതിനാൽ അടുത്ത ഓപ്ഷനായ ജി.വി.എച്ച്.എസ്. ദേവിയാർ കോളനിയിലേക്കാണ് ഹർജിക്കാരനെ നിയമിച്ചത്.

<u>Service details of Sri Shinu Kumar</u>

- 27/11/2024 -11/09/2025 - GVHSS Rajakumari
- 23/07/2024 -26/11/2024 - GVHSS Muttara
- 30/08/2022 -22/07/2024 - GVHSS Kuniya
- 12/06/2020 -23/08/2022 - GVHSS Pattazhi
- 12/12/2019 -11/06/2020 - GVHSS Thiruvilwamala
- **04/12/2015 -05/12/2019 - GVHSS Pattazhi**
- 27/07/2013 -03/12/2015 - GVHSS Pakalkuri
- 29/01/2010 -10/07/2013 - GVHSS Muttara

(e) ഹർജിക്കാരൻ തന്റെ 45% ശാരീരിക വൈകല്യവും പിതാവിന്റെ ആരോഗ്യപ്രശ്നവും സംബന്ധിച്ച് ആശങ്ക ഉന്നയിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഭിന്നശേഷിക്കാരനായ ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങളും ഇളവുകളും ഹർജിക്കാരന് മുമ്പ് തന്നെ ലഭ്യമായിട്ടുണ്ട്.

(f) മുൻ പൊതുസ്ഥലമാറ്റ നടപടികളിൽ ഹർജിക്കാരൻ നൽകിയ അപേക്ഷ സംസ്ഥാന ഭിന്നശേഷി കമ്മീഷൻ പരിഗണിച്ച് നിരസിച്ചതിനെ തുടർന്ന് കമ്മീഷന്റെ നിർദ്ദേശ പ്രകാരം അദ്ദേഹത്തെ ജി.വി.എച്ച്.എസ്. രാജകുമാരിയിൽ നിയമിച്ചിരുന്നു.

പൊതുസ്ഥലംമാറ്റ ഉത്തരവുകൾ എല്ലാ അപേക്ഷകരുടെയും കാര്യത്തിൽ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി പാലിച്ചാണ് പുറപ്പെടുവിക്കുന്നത്.

(g) ഹർജിക്കാരൻ നൽകിയ മറ്റ് ഓപ്ഷനുകളിലും ഹോം സ്റ്റേഷൻ യോഗ്യതയോടൊപ്പം കൂടുതലായുള്ള ഔട്ട് സ്റ്റേഷൻ സർവ്വീസ് ഉള്ള യോഗ്യരായ ഉദ്യോഗസ്ഥരെ പരിഗണിച്ച് നിയമനം നൽകിയിട്ടുള്ളതാണ്. അതിനാൽ ആദ്യ അഞ്ച് ഓപ്ഷനുകളിൽ ഹർജിക്കാരനെ തിരഞ്ഞെടുക്കാത്തത് നിലവിലുള്ള മാനദണ്ഡങ്ങൾ പാലിച്ചത് കൊണ്ടാണ്.

(h) ഔട്ട് സ്റ്റേഷൻ സർവ്വീസ് പോയിന്റുകൾ അദ്ധ്യാപകരെ ഹോം സ്റ്റേഷനിലേക്ക് നിയമിക്കുന്നതിനുള്ള സാഹചര്യത്തിൽ മാത്രമാണ് പ്രസക്തമാകുന്നത്. അതിനാൽ സീനിയർ ഹോം സ്റ്റേഷൻ ഉദ്യോഗാർത്ഥിയെ മാറ്റി നിയമനം ലഭിക്കണമെന്ന ഹർജിക്കാരന്റെ ആവശ്യം നിലനിൽക്കുന്നതല്ല. ശ്രീമതി.ബിന്ദു.പി.കെ എട്ട് വർഷത്തിലധികമായി ട്രാൻസ്ഫർ ചെയ്യപ്പെട്ടിട്ടില്ല എന്ന ഹർജിക്കാരന്റെ വാദവും നിലനിൽക്കുന്നതല്ല. നിലവിലുള്ള ട്രാൻസ്ഫർ നയം പ്രകാരം സീനിയോരിറ്റിയും യോഗ്യതയും അടിസ്ഥാനമാക്കി ഹോം സ്റ്റേഷനിൽ തുടരുവാനുള്ള സൗകര്യം അനുവദിച്ചിട്ടുള്ളതാണ്.

(5) 2025-2026 ലെ പൊതു സ്ഥലംമാറ്റത്തിൽ, ഇടുക്കി ജില്ലയിലെ ദേവിയാർ കോളനി വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ വൊക്കേഷണൽ ഇൻസ്ട്രക്ടർ ശ്രീ. ഷിനുകുമാർ.എസ് -ന് ടിയാന്റെ ഒന്നാമത്തെ ഓപ്ഷനായ കൈപ്പട്ടൂർ GVHSS ലേക്ക് സ്ഥലംമാറ്റം ലഭിക്കാത്തതിനെ തുടർന്ന് സമർപ്പിച്ച അപ്പീൽ അപേക്ഷ, ടിയാൻ സമർപ്പിച്ച വാദങ്ങളുടെയും പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച വാദങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. 2025-2026 വർഷത്തെ പൊതു സ്ഥലംമാറ്റം ലഭിക്കുന്നതിനായി ടിയാൻ ആറ് ഓപ്ഷനുകൾ നൽകിയിരുന്നു. അതിൽ ആറാമത്തെ ഓപ്ഷനായ ഇടുക്കി ജില്ലയിലെ ദേവിയാർ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലേക്കാണ് ഇപ്പോൾ സ്ഥലംമാറ്റം ലഭിച്ചിരിക്കുന്നത്. ടിയാൻ ആവശ്യപ്പെട്ടിരുന്ന ഒന്നാമത്തെ ഓപ്ഷനായ പത്തനംതിട്ട ജില്ലയിലെ കൈപ്പട്ടൂർ GVHSS ൽ, പത്തനംതിട്ട ജില്ല ഹോംസ്റ്റേഷനായിട്ടുള്ള ശ്രീമതി. ബിന്ദു പി കെ ആണ് സേവനം അനുഷ്ഠിച്ചു വരുന്നത്. ട്രാൻസ്ഫർ അലോട്ട്മെന്റ് നടക്കുമ്പോൾ നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം PSC അഡ്വൈസ്/സീനിയോറിറ്റിയും ഹോം സ്റ്റേഷന്റെ യോഗ്യതയും അടിസ്ഥാനമാക്കിയാണ് പൊതുസ്ഥലംമാറ്റം നിശ്ചയിക്കുന്നത്. ആയതിനാൽ ഹോം സ്റ്റേഷനിലേക്ക് സ്ഥലംമാറ്റം ലഭിക്കാൻ യോഗ്യതയുള്ള ഉദ്യോഗാർത്ഥിയെ പരിഗണിക്കേണ്ടിവന്നതുകൊണ്ടാണ് ശ്രീ.ഷിനുകുമാറിന് ടിയാന്റെ 6-ാം ഓപ്ഷനായ ദേവിയാർ കോളനി GVHSS ലേക്ക് സ്ഥലംമാറ്റം അനുവദിക്കാനിടയായത്.

(6) അപേക്ഷകൻ 45% ഭിന്നശേഷിക്കാരനാണ് എങ്കിലും ഭിന്നശേഷിക്കാരായ

ജീവനക്കാർക്ക് ലഭ്യമായ ആനുകൂല്യങ്ങൾ അപേക്ഷകന് ഇതിന് മുൻപ് അനുവദിച്ചിട്ടുള്ളതാണ്. എന്നാൽ ഉദ്യോഗസ്ഥ-ഭരണ പരിഷ്കാരവകുപ്പ് 16/5/2024 ന് പുറപ്പെടുവിച്ച പരാമർശം (5) ലെ നിർദേശങ്ങൾ പാലിച്ചിട്ടില്ലെന്നും അപേക്ഷകൻ ചൂണ്ടിക്കാണിക്കുകയുണ്ടായി. 2025-2026 അധ്യയന വർഷം കഴിഞ്ഞതിനാലും, ഹർജിക്കാരൻ നൽകിയ മറ്റ് ഓപ്ഷനുകളിൽ ഹോം സ്റ്റേഷൻ യോഗ്യതയോടൊപ്പം ഔട്ട് സ്റ്റേഷൻ സർവീസ് കൂടുതലായിട്ടുള്ളവർക്ക് നിയമനം നൽകേണ്ടി വന്നതിനാലും ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്ന 6-ാം ഓപ്ഷൻ അനുസരിച്ചാണ് സ്ഥലംമാറ്റം നൽകിയിട്ടുള്ളതിനാലും അപ്പീൽ അപേക്ഷ പരിഗണിക്കേണ്ട ആവശ്യം ഉള്ളതായി കാണുന്നില്ല.

(7) മേൽ സാഹചര്യത്തിൽ ഇടുക്കി ദേവിയാർ കോളനി GVHSS ലെ വൊക്കേഷണൽ ഇൻസ്ട്രക്ടർ ശ്രീ.ഷിനുകുമാർ.എസ് സമർപ്പിച്ച അപ്പീൽ നിരസിച്ചുകൊണ്ടും, 16/5/2024 ന് ഉദ്യോഗസ്ഥ-ഭരണ പരിഷ്കാര വകുപ്പ് പുറപ്പെടുവിച്ച പരാമർശം (5) ഉത്തരവ് പ്രകാരം ഭിന്നശേഷിക്കാരായ ജീവനക്കാർക്ക് ലഭ്യമായ ആനുകൂല്യങ്ങൾ അവർക്ക് കിട്ടുന്ന തരത്തിൽ, ആവശ്യമാണെങ്കിൽ നിലവിലുള്ള സ്ഥലംമാറ്റ മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ടും, ഇപ്രകാരം 07.10.2025 ന് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച പരാമർശം (8) വിധിന്യായം പാലിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുകുമാർ ബി റ്റി
ജോയിന്റ് സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ (വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗം), തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ശ്രീ. ഷിനുകുമാർ. എസ്, വൊക്കേഷണൽ ഇൻസ്ട്രക്ടർ, ജി.വി.എച്ച്.എസ്.എസ് ദേവിയാർ കോളനി, ഇടുക്കി.
പ്രിൻസിപ്പൽ, ജി.വി.എച്ച്.എസ്.എസ് ദേവിയാർ കോളനി, ഇടുക്കി
ശ്രീമതി. ബിന്ദു. പി. കെ, വൊക്കേഷണൽ ഇൻസ്ട്രക്ടർ, ജി.വി.എച്ച്.എസ്.എസ് കൈപ്പട്ടൂർ, പത്തനംതിട്ട - 689648.
വിവര- പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് *(ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)*
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Siju Vasudevan
സെക്ഷൻ ഓഫീസർ
Date: 15-06-2026 10:52:24